**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **07-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനായുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്ര കണ്ടെത്തിയ 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്ര, കൊല്ലം ജില്ലയിലെ പറവൂർ, ചിറക്കര വില്ലേജുകളിൽപെട്ട 95.47 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും, 20.04.2010-ന് കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥനാപത്രം അയക്കുകയും ചെയ്തു. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" ഇനത്തിൽ പെട്ടതായതിനാൽ നെൽവയൽ തണ്ണീർതടസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും മാറ്റി കിട്ടുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര 27.05.2013-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രാദേശിക നിരീക്ഷണ സമിതി ചില വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശിപാർശ 20.09.2017-ന് തിരുവനന്തപുരം കാർഷിക ഉത്പാദന കമ്മീഷണർക്ക് സമർപ്പിച്ചതായും, 29.01.2018-ൽ കൂടിയ കേരള നെൽവയൽ തണ്ണീർതട സംരക്ഷണസംസ്ഥാനതല സമിതി നടപടി യോഗം പ്രസ്തുത ശിപാർശ നിരസിക്കുകയും, പകരം മറ്റ ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണ് എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും ഇത്തരത്തിൽ തണ്ണീർതടനിയമത്തിന്റെ പരിധിയിൽപ്പെട്ടതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ചിറക്കര, പരവൂർ വില്ലേജ് | (ബി) | വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്ര, കൊല്ലം ജില്ലയിലെ പറവൂർ, ചിറക്കര വില്ലേജുകളിൽപെട്ട 95.47 ഏക്കർ ഭൂമി |

| | | | |
|---|---|---|---|
| | ഓഫീസർമാർ പുതിയ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | കണ്ടെത്തുകയും ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും, 20.04.2010-ന് കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥനാപത്രം അയക്കുകയും ചെയ്തു. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" ഇനത്തിൽ പെട്ടതായതിനാൽ നെൽവയൽ തണ്ണീർതടസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും മാറ്റി കിട്ടുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര 27.05.2013-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രാദേശിക നിരീക്ഷണ സമിതി ചില വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശിപാർശ 20.09.2017-ന് തിരുവനന്തപുരം കാർഷിക ഉത്പാദന കമ്മീഷണർക്ക് സമർപ്പിച്ചതായും, 29.01.2018-ൽ കൂടിയ കേരള നെൽവയൽ തണ്ണീർതട സംരക്ഷണസംസ്ഥാനതല സമിതി നടപടി യോഗം പ്രസ്തുത ശിപാർശ നിരസിക്കുകയും, പകരം മറ്റു ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണ് എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും ഇത്തരത്തിൽ തണ്ണീർതടനിയമത്തിന്റെ പരിധിയിൽപ്പെട്ടതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ